# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-TSR(P6)984/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 05/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-TSR(P6)984/2022. തീയ്യതി: 05/07/2022

## തൃശ്ശൂർ ജില്ലയിലെ കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-07-2019 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എൻ സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 06-06-2022 | 13-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-06-2022 | 13-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ഷോബി വി പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി റീന ജോസഫ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി പ്രവിദ പി എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സുനിൽ പി ബി ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സ്റ്റാൻലി പി എസ് ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ധന്യ എ സുരേന്ദ്രൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സി.ജെ .ആന്റോ | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| അഡ്ഹോക് കമ്മറ്റി | പ്രസിഡന്റ് | 01-12-2020 | 29-12-2020 |
| ശ്രീംതി കെ കെ ഉഷാദേവി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ സുരേഷ്.കെ .എസ് | സെക്രട്ടറി | 01-04-2020 | 27-12-2020 |
| ശ്രീ ലജിത്ത്സി.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-12-2020 | 17-01-2021 |
| ശ്രീ സുരേഷ്.കെ .എസ് | സെക്രട്ടറി | 18-01-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എം കെ ദീപ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 05-07-2020 |
| അമ്പിളി എം | അസിസ്റ്റന്റ് സെക്രട്ടറി | 06-07-2020 | 09-08-2020 |
| റോയ് ഡേവിസ് | അസിസ്റ്റന്റ് സെക്രട്ടറി | 10-08-2020 | 06-12-2020 |
| ലജിത്ത് സി കെ | അസിസ്റ്റന്റ് സെക്രട്ടറി | 07-12-2020 | 14-02-2021 |
| ആന്റോ സി ഒ | അസിസ്റ്റന്റ് സെക്രട്ടറി | 15-02-2021 | 28-02-2021 |
| റെസ്സി റാഫേൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-03-2021 | 31-03-2021 |
| നിമിഷ വി കൃഷ്ണൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 23-06-2020 |
| സിനി തോമസ് പി | അസിസ്റ്റന്റ് എഞ്ചിനീയർ | 24-06-2020 | 31-03-2021 |
| ഡോ.മായാദേവി എം ആർ | കൃഷി ഓഫീസർ | 01-04-2020 | 31-05-2020 |
| ശരത്ത് മോഹൻ പി പി | കൃഷി ഓഫീസർ | 01-06-2020 | 21-09-2020 |
| വിനേഷ് കുമാർ കെ വി | കൃഷി ഓഫീസർ | 22-09-2020 | 29-11-2020 |
| ഡോ.മായാദേവി എം ആർ | കൃഷി ഓഫീസർ | 30-11-2020 | 31-03-2021 |
| ഡോ.ഗ്രീഷ്മ പി | മെഡിക്കൽ ഓഫീസർ, (ഹെൽത്ത് സെന്റർ) | 01-04-2020 | 31-03-2021 |
| ഡോ.ആഗ്നസ് ക്ളീറ്റസ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ.രമ്യ എസ് പിള്ള | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ.പി ബി പദ്മജ | വെറ്റിനറി സർജൻ | 01-04-2020 | 21-05-2020 |
| ഡോ.ഗിരിജ എം പി | വെറ്റിനറി സർജൻ | 22-05-2020 | 31-03-2021 |
| പൂർണ്ണിമ കെ ദാസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| സി വി സുഷമ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 07-07-2020 |
| മഞ്ജുഷ ടി വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 08-07-2020 | 31-03-2021 |
| കെ ഐ ജോയ്സി | പ്രധാനാധ്യാപിക | 01-04-2020 | 31-03-2021 |
| ദീപക് പി ഗോകുൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,കൈപ്പറമ്പ് സർക്കിൾ | 01-04-2020 | 31-03-2021 |
| ഷാജു എം എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പേരാമംഗലം സർക്കിൾ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sunil.P.B (Asst. Audit Officer, On 11-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Sunil.P.B (Asst. Audit Officer, On 11-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 03-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sunil.P.B (Asst. Audit Officer, On 11-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 03-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sunil.P.B (Asst. Audit Officer, On 11-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sunil.P.B (Asst. Audit Officer, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 03-07-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sunil.P.B (Asst. Audit Officer, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Sunil.P.B (Asst. Audit Officer, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Dhanya.A (Auditor, On 04-07-2022)<br>Last Updated By: Dhanya.A (Auditor, On 04-07-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Sunil.P.B (Asst. Audit Officer, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-9 |
| 10 | 2020-21 വർഷത്തെ വാർഷിക കണക്ക് പരിശോധന<br>Written By: Sunil.P.B (Asst. Audit Officer, On 11-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-10 |
| 11 | വാർഷിക കണക്ക് - എല്ലാ പത്രികകളും ഓഡിറ്റിന് നൽകിയിട്ടില്ല.<br>Written By: Sunil.P.B (Asst. Audit Officer, On 11-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-10-1 |
| 12 | വസ്തുനികുതി<br>Written By: Sunil.P.B (Asst. Audit Officer, On 11-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-07-2022) | 1-10-2 |
| 13 | കൈയ്യെഴുത്തായി സൂക്ഷിക്കുന്ന വരവ് രജിസ്റ്ററുകൾ<br>Written By: Sunil.P.B (Asst. Audit Officer, On 11-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-10-3 |
| 14 | വസ്തുനികുതി കുടിശിക -പ്രൊവിഷൻ<br>Written By: Sunil.P.B (Asst. Audit Officer, On 11-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-10-4 |
| 15 | 280000000-Prior Period Item<br>Written By: Sunil.P.B (Asst. Audit Officer, On 11-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-10-5 |
| 16 | ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ<br>Written By: Sunil.P.B (Asst. Audit Officer, On 11-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-10-6 |
| 17 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 11-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-10-7 |

| | | |
|---|---|---|
| 18 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്<br>Written By: Sunil.P.B (Asst. Audit Officer, On 11-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-10-8 |
| 19 | ഡിപ്രീസിയേഷൻ<br>Written By: Sunil.P.B (Asst. Audit Officer, On 11-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-10-9 |
| 20 | സ്റ്റോക്കിന്റെ ഭൌതിക പരിശോധന<br>Written By: Sunil.P.B (Asst. Audit Officer, On 11-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-10-10 |
| 21 | ഡെപ്പോസിറ്റ് രജിസ്റ്റർ/അഡ്വാൻസ് രജിസ്റ്റർ<br>Written By: Sunil.P.B (Asst. Audit Officer, On 11-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-10-11 |
| 22 | തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 11-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-10-12 |
| 23 | പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 11-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-10-13 |
| 24 | Capital Work In Progress<br>Written By: Sunil.P.B (Asst. Audit Officer, On 11-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-10-14 |
| 25 | വായ്പ<br>Written By: Sunil.P.B (Asst. Audit Officer, On 11-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-10-15 |
| 26 | റോഡിതര സംരക്ഷണ ഫണ്ട്<br>Written By: Sunil.P.B (Asst. Audit Officer, On 11-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-10-16 |
| 27 | ട്രയൽ ബാലൻസ് സ്റ്റേറ്റ്മെന്റ് - നീക്കിയിരിപ്പ്<br>Written By: Sunil.P.B (Asst. Audit Officer, On 11-06-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 11-06-2022) | 1-10-17 |
| 28 | തൊഴിൽ നികുതി - നികുതി ഒടുക്കുന്നതിന് ബാദ്ധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Sunil.P.B (Asst. Audit Officer, On 13-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-11 |
| 29 | വസ്തു നികുതി കുടിശിക വർദ്ധിക്കുന്നു<br>Written By: Sunil.P.B (Asst. Audit Officer, On 13-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-12 |
| 30 | എഫ്.ടി.ഇ.& ഒ.എസ് ലൈസൻസ് പിരിവ് സംബന്ധിച്ച്<br>Written By: Sunil.P.B (Asst. Audit Officer, On 13-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-13 |
| 31 | വാടക - അംഗീകൃത ബൈലോ ഇല്ല<br>Written By: Sunil.P.B (Asst. Audit Officer, On 13-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-14 |
| 32 | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (ജനറൽ) -അനധികൃത നിർമ്മാണത്തിന് ധനസഹായം<br>Written By: Sunil.P.B (Asst. Audit Officer, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-15 |
| 33 | പ്രൊജ. നം. 18/20 -21, 19/20 -21 മരുന്നുകൾ ലഭ്യമായിട്ടില്ല<br>Written By: Stanley P S (Asst. Audit Officer, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-16 |
| 34 | ഡയറി ഫാം ഇൻസ്ട്രക്ടർ കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിച്ചിട്ടില്ല.<br>Written By: Shobby.V.P (Audit Officer, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-17 |

| | | |
|---|---|---|
| 35 | റോഡു പ്രവൃത്തികൾക്ക് 5% ന പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.<br>Written By: Shobby.V.P (Audit Officer, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-18 |
| 36 | കാലി ബാരലിന്റ വില ബിറ്റുമിനു ചെലവു ചെയ്ത ഫണ്ടിലേക്ക് അടവാക്കിയിട്ടില്ല. /കാലി ബാരലിന്റ വിലയിന്മേൽ GST ഈടാക്കിയിട്ടില്ല.<br>Written By: Shobby.V.P (Audit Officer, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-07-2022) | 1-19 |
| 37 | കാലി ബാരലിന്റെ വില ബിറ്റുമിൻ വാങ്ങുന്നതിന് ചെലവു ചെയ്ത ചെലവു ശീർഷകത്തിലേക്കും ,GST ഇനത്തിൽ ചെലവു ചെയ്ത തുക GST വകുപ്പിലേക്കും അടവാക്കേണ്ടതാണ്.<br>Written By: Shobby.V.P (Audit Officer, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-07-2022) | 1-20 |
| 38 | ഭൂജല വകുപ്പിൽ ഡെപ്പോസിറ്റ് വർക്ക് - പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Reena Joseph (Audit Officer, On 13-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-22 |
| 39 | പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Reena Joseph (Audit Officer, On 13-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-23 |
| 40 | ആസ്തി രജിസ്റ്ററിൽ ചേർത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്<br>Written By: Reena Joseph (Audit Officer, On 13-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-24 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

| | | |
|---|---|---|
| 1 | തെരുവുവിളക്കുകളുടെ സ്ഥിതിവിവരകണക്കുകൾ സംബന്ധിച്ച രേഖകൾ/രജിസ്റ്റർ<br>Written By: Reena Joseph (Audit Officer, On 13-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-21 |

ഭാഗം **4**

| | | |
|---|---|---|
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട്<br>Written By: Sunil.P.B (Asst. Audit Officer, On 13-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sunil.P.B (Asst. Audit Officer, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Sunil.P.B (Asst. Audit Officer, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Sunil.P.B (Asst. Audit Officer, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Sunil.P.B (Asst. Audit Officer, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sunil.P.B (Asst. Audit Officer, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sunil.P.B (Asst. Audit Officer, On 12-06-2022) | 4-7 |

| | | |
|---|---|---|
| | Last Updated By: Shobby.V.P (Audit Officer, On 30-06-2022) | |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sunil.P.B (Asst. Audit Officer, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sunil.P.B (Asst. Audit Officer, On 13-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Sunil.P.B (Asst. Audit Officer, On 13-06-2022)<br>Last Updated By: N Satheesan (Deputy Director, On 05-07-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 24.03.2020 | |
| കമ്മിറ്റി തീരുമാനം | 1(1) | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 199951267 | 184933200 |
| റിവൈസ്ഡ് ബജറ്റ് | | |
| പാസ്സാക്കിയ തിയതി | 22.02.2021 | |
| കമ്മിറ്റി തീരുമാനം | 1(1) | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 208421483 | 191794109 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 17-06-2021 |

## 1-3 സാമ്പത്തിക വിശകലനം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 2,86,85,361.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 9,32,54,448.00 |
| ആകെ | 12,19,39,809.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 10,59,15,912.00 |
| നീക്കിയിരിപ്പ് | 1,60,23,897.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 11698232 | 11698232 | 11187437 | 510795 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 6305118 | 6305118 | 5511104 | 794014 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 11869000 | 11869000 | 11869000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 4032794 | 4032794 | 4032794 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 1,10,12,872 | 1,10,12,872 | 95,73,976 | 14,38,896 |

| | | | | | |
|---|---|---|---|---|---|
| -അൺ ടൈഡ് ബേയ്സിക് ഗ്രാന്റ് (ACR പ്രകാരം) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് ഗ്രാന്റ് (ACR പ്രകാരം) | | 54,70,000 | 54,70,000 | 50,20,713 | 4,49,287 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 221 | 83120710 | 128 | 38734576 | 93 | 0 | 57.91 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 368364 | 19148265 | 19516629 | 19512040 | 4589 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 10750290 | 10750290 | 10750290 | 0 |

തൊഴിലുറപ്പ് പദ്ധതിയുടെ വാർഷാന്ത്യ നീക്കിയിരിപ്പ് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4-ൽ 320100101ൽ ₹4,589/- എന്നതും ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17-ൽ തൊഴിലുറപ്പിനായി പരിപാലിച്ച് വരുന്ന Bank Of Baroda (MGNREGS) A/c. No.11250100005390-ൽ നീക്കിയിരിപ്പ് ₹5,589/- എന്നതുമാണ്. ഈ വ്യത്യാസം സംബന്ധിച്ച് ഖണ്ഡിക:1-10-12ൽ പരാമർശിച്ചിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 4320 | 6 |
| കർഷകതൊഴിലാളി പെൻഷൻ | 7027500 | 453 |
| വിധവാ പെൻഷൻ | 20987300 | 1392 |
| വാർദ്ധക്യകാല പെൻഷൻ | 31789400 | 2218 |
| വികലാംഗപെൻഷൻ | 5139500 | 343 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3290500 | 224 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120000 | 4 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.06.2022 തീയതിയിൽ 3.30PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 67,658/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ബജറ്റ്, അക്കൗണ്ടിങ്ങ്, നികുതി ചുമത്തലും നിയന്ത്രണാധികാരപ്രയോഗവും, പദ്ധതി നിർവ്വഹണം എന്നീ വിവിധ ശീർഷകങ്ങളിലായി ഈ ഓഡിറ്റ് റിപ്പോർട്ടിൽ അതാത് ഓഡിറ്റ് ശീർഷകങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 2020-21 വർഷത്തെ വാർഷിക കണക്ക് പരിശോധന

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾക്ക് മറുപടി അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.14/10.6.2022)

### 1-10-1 വാർഷിക കണക്ക് - എല്ലാ പത്രികകളും ഓഡിറ്റിന് നൽകിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

### 1-10-2 വസ്തുനികുതി

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1തൻവർഷം

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 34,02,708 | 31,06,548 | 58,229 | 2,41,903 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 34,02,708 | 3102576 | 58229 | 2,42,259 |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 42,52,536 | 37,30,636, | 57,715 | 4,93,796 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 42,52,536 | 37,01,025 | 57,715 | 4,93,899 |

2.2കുടിശ്ശിക

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2,34,561 | 1,56,983 | 80,659 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2,30,090 | 1,53,902 | 80,970 |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 7,56,639 | 2,40,938 | 5,17,942 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 7,63,994 | 2,38,697 | 5,19,863 |

2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 1,74,177 | 12,916 | 1,87,093 | 1,58,592 | 8030 | 1,66,622 | 3216 | | 12469 | 4,359 | 17829 |
| | നോൺ-റെസിഡൻഷ്യൽ | 2,18,837 | 39,923 | 2,58,760 | 1,87,501 | 12,090 | 1,99,591 | 2,952 | | 24,798 | 27,914 | 53388 |
| | ആകെ | | | 4,45,853 | | | 3,66,213 | 6,168 | | 71217 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 4,45,853 | | | 3,67,358 | | | | 3,76,313 | 69,540 | | |

2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.(ഉദാ:2.1.1, 2.1.2, 2.2.1,.2.2.2, 2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

2.5 1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.2020-21 വർഷത്തിൽ കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ 265 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2020-21 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ,ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.6 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക്, സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവ പ്രകാരം 4,45,853 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല

എന്ന് മാത്രമല്ല , മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 3,76,313 രൂപയാണ്. (വൌച്ചർ 42000333 തീ 31.03.21 (161708+8557+194039+12009=376313))(പട്ടിക 2.3 കാണുക )

2.7 2019-20 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2020-21 വർഷം ക്രമീകരിച്ചതായി കാണുന്നു. "Prior Period Items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്.ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൌച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/20 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2020-21ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 8836 | 58,229 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 13857 | 57715 |

2.8.തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൌണ്ട് പരിശോധിച്ചു.അതിൽ 94555/-രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior Period Items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു.ഇപ്രകാരം ജേണൽ വൌച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൌച്ചറുകളും,വർക് ഷീറ്റുകളും,നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല.ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.ഇപ്രകാരം വർദ്ധനവ് വരുത്തിയ വൌച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.8.1 റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൌച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42000336 | 30.04.20 | 44,371 |

2.8.2 നോൺ-റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൌച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42000337 | 30.03.21 | 50,184 |

2.9 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 1403840രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 66,850 (1403840/105X5 )ആണ്.എന്നാൽ ഈ ശീർഷകത്തിൽ 69,540രൂപ ചേർത്തിട്ടുണ്ട്.വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-10-3 കൈയ്യെഴുത്തായി സൂക്ഷിക്കുന്ന വരവ് രജിസ്റ്ററുകൾ

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി ,വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

3.1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

3.2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3.3 ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

3.4വാടക ഡിമാന്റ് രജിസ്റ്റർ

3.5 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

3.6 ക്രീമിറ്റോറിയം ഫീസ് രജിസ്റ്റർ

3.7 മേലനഭവങ്ങളുടെ ലേല രജിസ്റ്റർ

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ) പരിശോധനയ്ക്ക് ഹജരാക്കിയിട്ടില്ല

## 1-10-4 വസ്തുനികുതി കുടിശിക -പ്രൊവിഷൻ

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15(a) പ്രകാരം, വസ്തുനികുതി ഇനത്തിൽ ലഭിക്കാൻ ബാക്കിയുള്ള തുകയിൽ, ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി 31/3/2021ന് പ്രൊവിഷൻ ₹200721/-തുക ചേർത്തിട്ടുണ്ട് എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-10-5 280000000-Prior Period Item

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 44,372 |
| 280100102-Prior Period Income-Profession Tax - Institutions/Professionals/Traders | (-)14,750 |
| 280100104-Prior Period Income- Property Tax On Non Residential Buildings | 50,184 |
| 280100105-Prior Period Income -Service Cess On Residential Buildings | 3,561 |
| 280100106-Prior Period Income--Service Cess On Non Residential Buildings | 12,755 |
| 280200201-Prior Period Income- License Fees | (-) 4,700 |
| 280200402-Prior Period Income-Recovery Of Unutilised Grants | 1,327 |

## 1-10-6 ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്,ബാക്കി,മുൻകൂർ,കുടിശ്ശിക ഡിമാന്റ്,കുടിശ്ശിക പിരിവ്,കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനം,ക്രമീകരിക്കാനം സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനം,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനം നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല.എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-10-7 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-10-8 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് .(-)12661464 രൂപയാണ്.എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)8257360രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ ഈ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-10-9 ഡിപ്രീസിയേഷൻ

2020-21 വർഷത്തെ Income And Expenditureപത്രിക പ്രകാരം 9548820രൂപ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്.എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

9.1) 31/3/2021 ലെ ബാലൻസ്ഷീറ്റ് പ്രകാരം 410800101 Other Fixed Assetsഎന്ന ആസ്തികൾക്ക് 1,95,101രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2021 ലെ Accumalated Depreciation 6,63,633/-രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2021-22 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

## 1-10-10 സ്റ്റോക്കിന്റെ ഭൌതിക പരിശോധന

സ്റ്റോക്കിന്റെ ഭൌതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 58,4(എ)).

## 1-10-11 ഡെപ്പോസിറ്റ് രജിസ്റ്റർ/അഡ്വാൻസ് രജിസ്റ്റർ

ഡെപ്പോസിറ്റ് രജിസ്റ്റർ/അഡ്വാൻസ് രജിസ്റ്റർ/സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള 31.03.2021 ലെ നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റ് ,ഷെഡ്യൂൾ B-7//B-18/B-11/B-14/B-5 പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തി, സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 1-10-12 തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ,ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/21 ലെ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/21 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്.അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ,ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1 | 320100101 | Centrally Sponsored Scheme – National Rural Employment Guarantee | 4,589 | 450610101 | Bank Of Baroda (MGNREGS) A/c. No.11250100005390 | 5,589 |

| | | | | | | |
|---|---|---|---|---|---|---|
| | | Act Scheme (NREGA) | | | | |

## 1-10-13 പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൌണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.(കേരള പഞ്ചായത്ത് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 57))

| ക്ര.ന | ശീർഷകം | ബാങ്ക് |
|---|---|---|
| 1 | 450220101 | HDFC Bank |

## 1-10-14 Capital Work In Progress

അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/3/21 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2021 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 2042672രൂപയാണ്. എന്നാൽ 31/3/2021 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക3024257രൂപ യാണ്.

## 1-10-15 വായ്പ

ഹഡ്കോ വായ്പ ഇനത്തിൽ 7,46,000രൂപ 20-21 വർഷത്തിൽ തിരിച്ചടക്കുകയും 31/3/2021 ൽ 8624000രൂപ തിരിച്ചടക്കാൻ ബാക്കിയുള്ളതുമാണ്.എന്നാൽ ഈ വിവരങ്ങൾ രേഖപ്പെടുത്തിയ വായ്പ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-10-16 റോഡിതര സംരക്ഷണ ഫണ്ട്

റോഡിതര സംരക്ഷണ ഫണ്ടിന്റെ രണ്ടാം ഗഡു അനുവദിച്ചുകൊണ്ടുള്ള 03.08.20ലെ സർക്കാർ ഉത്തരവ് നം.4444/20/ധന. പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതത്തിൽ നിന്ന് ₹41,206/- വോട്ടിംഗ് മെഷീൻ വാങ്ങുന്നതിന് കുറവുചെയ്തിരുന്നതാണ്. 2020-21 വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 291/21 നമ്പർ പ്രോജക്ട് ഇതിനായി തയ്യാറാക്കിയിരുന്നെങ്കിലും, സുലേഖ പത്രികയിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. ആയതിന്റെ കാരണം അറിയിക്കേണ്ടതാണ്.

## 1-10-17 ട്രയൽ ബാലൻസ് സ്റ്റേറ്റ്മെന്റ് - നീക്കിയിരിപ്പ്

വാർഷികകണക്കുകളോടൊപ്പം സമർപ്പിച്ചിരിക്കുന്ന ട്രയൽ ബാലൻസ് സ്റ്റേറ്റ്മെന്റിൽ ഓരോ ശീർഷകത്തിലേയും നീക്കിയിരിപ്പ് Debit കോളത്തിലോ Credit കോളത്തിലോ വരേണ്ടതിനു പകരം Opening Balance+Transaction For The Period-ആണ് Debit,Credit കോളങ്ങളിൽ ചേർത്തിരിക്കുന്നത്. ഇത് അക്കൌണ്ടിംഗ് ചട്ടങ്ങൾക്ക് വിരുദ്ധമാണ്

## 1-11 തൊഴിൽ നികുതി - നികുതി ഒടുക്കുന്നതിന് ബാദ്ധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി സംബന്ധിച്ച് താഴെ പറയുന്ന താഴെ പറയുന്ന അപാകതകൾ ഉള്ളതാണ്.

1. 2019-20 വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിരിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ 2020-21 വർഷത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 2020-21 വർഷത്തിൽ ഇവരിൽ നിന്നും തൊഴിൽ നികുതി അടവാക്കാത്തവരുണ്ടെങ്കിൽ അവരുടെ പേരിൽ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി 22/13.06.22ൽ ആവശ്യപ്പെട്ടിരുന്നതാണ് എന്നാൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലെ ക്രമ നമ്പർ | 2019-20-ൽ നികുതി അടവാക്കിയ ജീവനക്കാരുടെ എണ്ണം | 2019-20 നികുതി അടവാക്കിയത്- (ഒരു അർദ്ധ വർഷത്തിൽ) |
|---|---|---|---|---|
| 1 | Ganga Auto Fulels | 87 | 8 | 2400 |
| 2 | Water Care Envior Solutions | 88 | 9 | 5700 |
| 3 | Ardra Builders | 89 | 4 | 540 |

| | | | | |
|---|---|---|---|---|
| 4 | Sree Krishna Auto Fuels | 92 | 7 | |
| 5 | Joseph Tharakan Engineering | 93 | 5 | 240 |
| 6 | Roots And Crown Dental Clinic | 94 | 3 | 1950 |
| 7 | Kalleri Restaurant (1st അർദ്ധ വർഷം അടച്ചു) | 89 | 5 | 600 |
| 8 | Police Station Peramangalam | | രണ്ടു പകുതിയിലേയും അടവാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | |
| 9 | BSNL | 13 | രണ്ടു പകുതിയിലേയും അടവാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | |
| 10 | POST OFFICE – അഞ്ഞൂർ മുണ്ടൂർ (1st അർദ്ധ വർഷം അടച്ചു) | 16 | 1 | 600 |
| 11 | ക്ഷീരോത്പാദക സഹ.സംഘം, പേരാമംഗലം | 22 | രണ്ടു പകുതിയിലേയും അടവാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല | |
| 12 | Best Redymix Velakode | 50 | രണ്ടു പകുതിയിലേയും അടവാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | |
| 13 | Thinkal Products (1st അർദ്ധ വർഷം അടച്ചു) | 86 | 7 | 2250 |
| 14 | അനീഷ് പമ്പ് ഓപ്പറേറ്റർ (1st അർദ്ധ വർഷം അടച്ചു) | 90 | 1 | 300 |
| 15 | അനൂപ് പമ്പ് ഓപ്പറേറ്റർ (1st അർദ്ധ വർഷം അടച്ചു) | 90 | 1 | 300 |
| 16 | ഡോ.പ്രവീൺ.വി.ജെ. (1st അർദ്ധ വർഷം അടച്ചു) | 92 | 1 | 300 |
| 17 | ഡോ.ബിജുപാൽ | 92 | 1 | 300 |

2. ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന വേളക്കോട് വ്യവസായ കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെയും ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടോ എന്നതും തൊഴിൽ നികുതി അടവാക്കാത്തവരുണ്ടെങ്കിൽ അവരുടെ പേരിൽ സ്വീകരിച്ച നടപടികളും സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (15/11.06.22 ) നല്കിയിരുന്നു. ആയത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ അടവാക്കി വരുന്നില്ല ആയത് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്.

A. റേഷൻ കടകൾ

B. കള്ളുഷാപ്പുകൾ

C. ഓഡിറ്റോറിയങ്ങൾ /കല്യാണമണ്ഡപങ്ങൾ

D. സസ്യനഴ്സറികൾ

E. ഗ്രാമപഞ്ചായത്തിൽ പൊതുമരാത്ത് പ്രവൃത്തികൾ ഏറ്റെടുത്തുനടത്തുന്ന കരാറുകാർ

4. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 205(സി) പ്രകാരം സെക്രട്ടറിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള ഏത് സ്ഥാപനത്തിന്റെയും തൊഴിലുടമയോടും സ്ഥാപനത്തിലെ ജീവനക്കാരുടെ ലിസ്റ്റ് ആവശ്യപ്പെടാവുന്നതാണ്. ഇപ്രകാരം ലഭിച്ച ലിസ്റ്റിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും, കമ്പനികളുടെയും, തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ വ്യക്തികളുടെയും പേരു വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്

5. 2020-21 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

6. കഴിഞ്ഞ നാലു വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിലുണ്ടായ വരവിന്റെ വിവരം താഴെപ്പറയുന്ന

| വർഷം | തൊഴിൽ നികുതി ഇനത്തിലുണ്ടായ വരവ് |
|---|---|
| 2017-18 | 20,61,640 |
| 2018-19 | 22,93,196 |
| 2019-20 | 20,46,850 |
| 2020-21 | 22,41,640 |

2018-19 വർഷത്തെഅപേക്ഷിച്ച് 20-21 വർഷത്തിൽ തൊഴിൽ നികുതി പരിവിനത്തിൽ കുറവ് ഉണ്ടായിട്ടുള്ളതാണ്. ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

മേൽ പറഞ്ഞ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി 22/13.06.22ൽ ആവശ്യപ്പട്ടിരുന്നതാണ് എന്നാൽ മറുപടി നല്കിയിട്ടില്ല. ഈ വിഷയത്തിൽ ഗ്രാമപഞ്ചയത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി കുടിശിക വർദ്ധിക്കുന്നു

കഴിഞ്ഞ നാലു വർഷാന്ത്യത്തെ വസ്തു നികുതി കുടിശിക സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| | വർഷാന്ത്യത്തെ വസ്തു നികുതി കുടിശിക | മുൻവർഷത്തെ അപേക്ഷിച്ചുള്ള വർദ്ധനവ് |
|---|---|---|
| 31.03.2018 | 4,81,826 | |
| 31.03.2019 | 10,51,776 | 218.18% വർദ്ധനവ് |
| 31.03.2020 | 10,43,788 | 0.75% കുറവ് |
| 31.03.2021 | 14,03,840 | 134.49% വർദ്ധനവ് |

മേൽ പട്ടികയിൽ നിന്നും വർഷാന്ത്യ വസ്തു നികുതി കുടിശ്ശികയിൽ പ്രതിവർഷം വലിയ വർദ്ധന കാണിക്കുന്നു. 2017-18 നെ അപേക്ഷിച്ച് 2020-21 വർഷത്തിൽ മൂന്ന് മടങ്ങ് വർദ്ധന ഉണ്ടായിട്ടുള്ളതാണ്. നികുതി കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുന്നതിനാവശ്യപ്പെട്ടുകൊണ്ട് നല്കിയ എൻക്വയറി നം.24/13.06.22ന് മറുപടി നല്കിയിട്ടില്ല. നികുതി കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 എഫ്.ടി.ഇ.& ഒ.എസ് ലൈസൻസ് പിരിവ് സംബന്ധിച്ച്

എഫ്.ടി.ഇ.& ഒ.എസ് ലൈസൻസ് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ ഉള്ളതാണ്.

1. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

A. റേഷൻ കടകൾ

B. കള്ളുഷാപ്പുകൾ

C. ഓഡിറ്റോറിയങ്ങൾ/കല്യാണമണ്ഡപങ്ങൾ

D. സസ്യ നഴ്സറികൾ

2. ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന വേളക്കോട് വ്യവസായ കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 233 ഉപ വകുപ്പ് 'ഐ' പ്രകാരം ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ വിവരം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്. അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം 2019-20 വർഷത്തിൽ ആകെ 812 ഉം 2020-21 വർഷത്തിൽ 828 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. എന്നാൽ പരിശോധനയ്ക്ക് ഹാജരാക്കിയ ട്രെഡേഴ്സ് ലിസ്റ്റ് പ്രകാരം ആകെ 999 സ്ഥാപനങ്ങളാണ് ഗ്രാമപഞ്ചായത്തിൽ ഉള്ളതായി രേഖപ്പെടുത്തയിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 2963 നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിൽ ഉള്ളതാണ്. ആയതിന്റെ മൂന്നിൽ ഒന്ന് മാത്രം വ്യാപാര/വ്യസായ സ്ഥാപനങ്ങൾ മാത്രമേ ട്രെഡേഴ്സ് ലിസ്റ്റിൽ വന്നിട്ടുള്ളൂ. ആയതിനാൽ തന്നെ ട്രെഡേഴ്സ് ലിസ്റ്റിൽ ഗ്രാമ പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായിട്ടില്ല.

ഫീൽഡ് വിസിറ്റ് നടത്തി ട്രേഡേഴ്സ് രജിസ്റ്റർ ഓരോ വർഷവും തയ്യാറാക്കുമ്പോൾ കെട്ടിട നമ്പർ മാറിയ കെട്ടിട വിവരം, വ്യാപാരം ഉപേക്ഷിച്ച കെട്ടിടങ്ങൾ എന്നിവ ഉൾപ്പെടുത്തി ഒഴിവാക്കൽ ലിസ്റ്റും പുതിയ കെട്ടിടങ്ങൾ ചേർത്ത് പുതുതായി ചേർക്കൽ ലിസ്റ്റും വാർഡ് തിരിച്ച് ഉൾപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ട്രേഡേഴ്സ് ലിസ്റ്റ് രേഖപ്പെടുത്തലുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതും ആയതു പ്രകാരം ഡിമാന്റ് നിർണ്ണയിച്ച് ഗ്രാമപഞ്ചായത്ത് പരിധിയ്ക്കകത്തെ ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാവരും കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233, കേരള പഞ്ചായത്തീ രാജ് (അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ 1996, കേരള പഞ്ചായത്ത് രാജ് (അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 2017 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. അത്തരത്തിൽ ഗ്രാമപഞ്ചായത്തിന് ഇത്തരത്തിലുണ്ടാകുന്ന വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ ഉണ്ടാവേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.23/13.06.22)

## 1-14 വാടക - അംഗീകൃത ബൈലോ ഇല്ല

1. കടമുറികൾ വാടകയ്ക്ക് നല്കുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന് സർക്കാർ അംഗീകരിച്ചു നല്കിയ ബൈലോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. വാടക രജിസ്റ്റർ പരിശോധിച്ചതിൽ 2020-21 വർഷത്തിൽ VI/547 നമ്പർ കടമുറി കെട്ടിടത്തിൽ നിന്നും വരുമാനമൊന്നും ലഭിച്ചിട്ടില്ലാത്തതാണ്. ആയതിനുള്ള കാരണം അറിയിക്കുന്നതിനായി എൻക്വയറി മുഖേനെ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മേൽ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.25/13.06.22)

## 1-15 വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (ജനറൽ) -അനധികൃത നിർമ്മാണത്തിന് ധനസഹായം

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കൈപ്പറമ്പ് സർക്കിൾ നിർവ്വഹണോദ്യോഗസ്ഥനായ (പ്രൊജക്ട് നം.22/2021) വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (ജനറൽ) പ്രോജക്ട് പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ ശ്രീമതി റോസി W/o.കുഞ്ഞിലോനപ്പൻ, തരകൻ വീട് ,വാർഡ്-15 എന്ന ഗുണഭോക്താവിന് വൌച്ചർ നം.22001656/31.03.21 (ചെക്ക് നം.0022737/31.03.21) പ്രകാരം ₹20,000/- തനതു ഫണ്ടിൽ നിന്നും നല്കിയിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ ശ്രീമതി റോസി W/o.കുഞ്ഞിലോനപ്പൻ, തരകൻ വീട് ,വാർഡ്-15 എന്നവർക്ക് മേൽക്കൂര പൊളിച്ചുമേയുന്നതിനാണ്ധനസഹായം അനുവദിച്ചിരുന്നതെന്നും, എന്നാൽ നിലവിലുള്ള വീടിന്റെ സംസ്ഥാന ഹൈവേയോട് ചേർന്നു വരുന്ന ചുമർ പൊളിച്ച് പുതിയ ചുമർ പണിയുക, മുകളിലെ നിലയുടെ ഉയരം കൂട്ടുക എന്നീ നിർമ്മാണ പ്രവർത്തനങ്ങളാണ് ഗുണഭോക്താവ് നടത്തിയിരിക്കുന്നതെന്നും 21.10.21 ന് ഓവർസീയർ എൽ.എസ്.ജി.ഡി. കൈപ്പറമ്പ് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ഈ റിപ്പോർട്ട് പരിഗണിച്ചു മാത്രമേ ഗുണഭോക്താവിന് വീട് റിപ്പയർ പ്രോജക്റ്റിലെ രണ്ടാമത്തെയും അവസാനത്തെയും ഗഡു തുക അനുവദിക്കാവൂ എന്നും എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ 22.10.21ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രോജക്ടിന്റെ വിതരണ രജിസ്റ്റർ പേജ് നമ്പർ:35, ക്രമ നമ്പർ:66 പ്രകാരം 2021-22 വർഷത്തിൽ രണ്ടാം ഗഡു തുക ₹20,000/- ഗുണഭോക്താവിന് അനുവദിച്ചു നല്കിയിട്ടുമുണ്ട്.

നിർമ്മാണത്തിന് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം അനുശാസിക്കുന്ന വിധത്തിലുള്ള പെർമിറ്റ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനോ, അതല്ലെങ്കിൽ അനധികൃത കെട്ടിട നിർമ്മാണമാണത്തിന് ശ്രീമതി റോസി W/o.കുഞ്ഞിലോനപ്പൻ, തരകൻ വീട് ,വാർഡ്-15 എന്നവരുടെ പേരിൽ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കുന്നതിനോ ആവശ്യപ്പെട്ടിരുന്നതാണ് എന്നാൽ പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കുകയുണ്ടായില്ല. എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശ പരിഗണിയ്ക്കാതെ അനധികൃത കെട്ടിട നിർമ്മാണത്തിന് രണ്ടാമത്തെ ഗഡു തുക അനുവദിച്ചതിന്റെ കാരണം അറിയിക്കുന്നതിനും ആവശ്യപ്പെട്ടിരുന്നതാണ് എന്നാൽ അക്കാര്യവും അറിയിക്കുകയുണ്ടായില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.10/09.06.22 ന് മറുപടി നല്കിയിട്ടില്ല. മേൽ പറഞ്ഞ കാര്യങ്ങൾക്ക് മറുപടി നല്കേണ്ടതും, ഫയലിൽ സ്വീകരിച്ച തുടർനടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-16 പ്രൊജ. നം. 18/20 -21, 19/20 -21 മരുന്നുകൾ ലഭ്യമായിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ--മെഡിക്കൽ ഓഫീസർ (ഹെൽത്ത് സെൻറർ)
പ്രൊജക്റ്റ് – ഹെൽത്ത് സെന്ററിലേയ്ക്ക് മരുന്നുവാങ്ങൽ

മേൽ പ്രൊജക്റ്റുകളുമായി ബന്ധപ്പെട്ട് മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ചെലവ് വിവരങ്ങൾ | ലഭ്യമാകാനുള്ള മരുന്നുകളുടെ തുക |
|---|---|---|
| 1 | പ്രൊജക്റ്റ് നം. 18/20 -21<br>ട്രഷറി ബിൽ നം.16/13.1.2021<br>തുക – 1,99,893/-<br>പ്രൊഫോമ ഇൻവോയ്സ് നം. PRF-5970<br>തിയ്യതി 17-7-20<br>ട്രഷറി ബിൽ നം.17/13.1.2021<br>തുക – 4,00,000/-<br>പ്രൊഫോമ ഇൻവോയ്സ് നം. PRF-4702<br>തിയ്യതി 17-7-20 | ₹2,22,173/-<br>( 1,63,119 + 59054 ) |
| 2 | പ്രൊജക്റ്റ് നം. 19/20-21<br>ട്രഷറി ബിൽ നം. 7/14-8-20<br><br>പ്രൊഫോമ ഇൻവോയ്സ് നം.<br>PRF- 1534 തിയ്യതി 17-7-20 | ₹17242/- |
| | ആകെ | ₹2,39,415/- |

മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇക്കാര്യത്തിലുള്ള പുരോഗതി യഥാസമയം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം 12 തി. 9-6-22)

## 1-17 ഡയറി ഫാം ഇൻസ്ട്രക്ടർ കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിച്ചിട്ടില്ല.

കേരള ട്രഷറി കോഡ് ചട്ടം 92 എ I, Ii എന്നിവ പ്രകാരം പൊതു പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും ടി.ആർ 7 എ കാഷ്ബുക്കിൽ വരവു ചെലവു വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റ് കാലയളവിൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയിട്ടുണ്ട്. കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

( ഓഡിറ്റ് എൻക്വയറി നം. 3 തിയ്യതി 21-5-2022 )

## 1-18 റോഡു പ്രവ്യത്തികൾക്ക് 5% നു പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.

സ.ഉ. (എം.എസ്) 74 / 14 എൽ.എസ്.ജി.ഡി തി. 7-5-'14 പ്രകാരം ഓവർഹെഡ് ചാർജ്ജസ് 5% നിരക്കിലാണ് അനുവദനീയമായിട്ടുള്ളത്. PRICE സോഫ്റ്റ് വെയറിൽ 10% നിരക്കിലാണ് ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചു വരുന്നത് ഈയിനത്തിൽ കരാറുകാർക്ക് അധികതുക ലഭിച്ചുകൊണ്ടിരിക്കുന്നത് 27-4-'22 ലെ 263/AE/LSGD/PTR/22 പ്രകാരം

എൽ.എസ്.ജി.ഡി ചീഫ് എൻജിനീയറെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
( ഓഡിറ്റ് എൻക്വയറി നം. 1തിയ്യതി 6 -6-'22)

## 1-19 കാലി ബാരലിന്റ വില ബിറ്റുമിന്റ ചെലവു ചെയ്ത ഫണ്ടിലേക്ക് അടവാക്കിയിട്ടില്ല. /കാലി ബാരലിന്റ വിലയിന്മേൽ GST ഈടാക്കിയിട്ടില്ല.

ഓഡിറ്റ് കാലയളവിൽ റോഡു പ്രവൃത്തികളുമായി ബന്ധപ്പെട്ട് വിവിധ കരാറുകാരിൽ നിന്ന ₹ 238- നിരക്കിൽബിറ്റുമിൻ കാലിബാരലുകളുടെ വില ഈടാക്കി തനതുഫണ്ടിൽ അടവാക്കിയിട്ടുള്ളതായി കണ്ടു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജ. നമ്പർ | കരാറുകാരുടെ പേരുവിവരങ്ങൾ | ഈടാക്കിയ തുക |
|---|---|---|---|
| 1 | 173 | അബ്ദുൾഖാദർ | 4046- |
| 2 | 174 | അബ്ദുൾഖാദർ | 4046- |
| 3 | 175 | അബ്ദുൾഖാദർ | 2856- |
| 4 | 179 | അബ്ദുൾഖാദർ | 2856- |
| 5 | 180 | അബ്ദുൾഖാദർ | 2380- |
| 6 | 181 | അബ്ദുൾഖാദർ | 2856- |
| 7 | 169 | പ്രദീപൻ എം.എസ് | 4284- |
| 8 | 170 | പ്രദീപൻ എം.എസ് | 1904- |
| 9 | 171 | പ്രദീപൻ എം.എസ് | 2380- |
| 10 | 186 | എ.ആർ. മുരളീധരൻ | 6664- |
| 11 | 172 | എ.ആർ. മുരളീധരൻ | 2380- |
| 12 | 177 | ജോഷി ജോർജ്ജ് | 1190- |
| 13 | 178 | ജോഷി ജോർജ്ജ് | 1904- |
| 14 | 197 | ജോഷി ജോർജ്ജ് | 2380- |
| | | ആകെ | 48790- |

കാലി ബാരലിന്റ വിലയിനത്തിൽ ഓഡിറ്റ് കാലയളവിൽ ഈടാക്കിയ ആകെ₹ 48790-ൽ ₹ 8782- ( 48790 X 18 %) GST ഈടാക്കേണ്ടതുണ്ടായിരുന്നു. GST ഈടാക്കേണ്ടതും ഇപ്പോൾ തനതുഫണ്ടിൽ അടവാക്കിയിട്ടുള്ള കാലി ബാരലിന്റ വില ഓരോ പ്രവൃത്തിക്കുംവേണ്ടി ഫണ്ട് അനുവദിച്ചിട്ടുള്ള ശീർഷകങ്ങളിലേക്കും GST ഇനത്തിലുള്ള തുക ഈടാക്കി GST വകുപ്പിലേക്കും അടവാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 2 തി. 6-6-22)

## 1-20 കാലി ബാരലിന്റെ വില ബിറ്റുമിൻ വാങ്ങുന്നതിന് ചെലവു ചെയ്ത ചെലവു ശീർഷകത്തിലേക്കും ,GST ഇനത്തിൽ ചെലവു ചെയ്ത തുക GST വകുപ്പിലേക്കും അടവാക്കേണ്ടതാണ്.

ഓഡിറ്റ് കാലയളവിൽ റോഡു പ്രവൃത്തികളുമായി ബന്ധപ്പെട്ട് വിവിധ കരാറുകാരിൽ നിന്നു ബിറ്റുമിൻ കാലിബാരലുകളുടെ വില ഒന്നുക്ക് ₹ 281- നിരക്കിൽ ( 238+18% (GST) ) --കാലി ബാരലിന്റെ വില GST എന്നിവ പ്രത്യേകം-പ്രത്യേകം ഈടാക്കാതെ തനതുഫണ്ടിൽ അടവാക്കിയിട്ടുള്ളതായി കണ്ടു. ഇത് ക്രമപ്രകാരമല്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജ. നമ്പർ | കരാറുകാരുടെ പേരുവിവരങ്ങൾ | ഈടാക്കിയ തുക |
|---|---|---|---|
| 1 | 107/20-21 | വിപിൻ പി. വിൻസന്റ് | 4215- |
| 2 | 141/20-21 | വിപിൻ പി. വിൻസന്റ് | 2810- |
| 3 | 108/20-21 | അബ്ദുൾ ഖാദർ | 7306- |
| 4 | 110/20-21 | അബ്ദുൾ ഖാദർ | 14050- |

| | | | |
|---|---|---|---|
| 5 | 119/20-21 | അബ്ദുൾ ഖാദർ | 3091- |
| 6 | 147/20-21 | അബ്ദുൾ ഖാദർ | 4777- |
| 7 | 113/20-21 | എം.എസ്. പ്രദീപൻ | 2529- |
| 8 | 121/20-21 | എം.എസ്. പ്രദീപൻ | 3091- |
| 9 | 132/20-21 | എം.എസ്. പ്രദീപൻ | 1405- |
| 10 | 138/20-21 | എം.എസ്. പ്രദീപൻ | 4496- |
| 11 | 151/20-21 | എം.എസ്. പ്രദീപൻ | 2810- |
| 12 | 120/20-21 | എ.ആർ. മുരളീധരൻ | 1405- |
| 13 | 122/20-21 | എ.ആർ. മുരളീധരൻ | 1967- |
| 14 | 128/20-21 | എ.ആർ. മുരളീധരൻ | 10397- |
| 15 | 135/20-21 | എ.ആർ. മുരളീധരൻ | 5339- |
| 16 | 139/20-21 | എ.ആർ. മുരളീധരൻ | 3090- |
| 17 | 142/20-21 | എ.ആർ. മുരളീധരൻ | 5901- |
| 18 | 281/20-21 | എ.ആർ. മുരളീധരൻ | 1124- |
| 19 | 285/20-21 | എ.ആർ. മുരളീധരൻ | 1124- |
| 20 | 287/20-21 | എ.ആർ. മുരളീധരൻ | 1686- |
| 21 | 204/20-21 | എ.ആർ. മുരളീധരൻ | 2529- |
| 22 | 209/20-21 | എ.ആർ. മുരളീധരൻ | 2248- |
| 23 | 210/20-21 | എ.ആർ. മുരളീധരൻ | 2529- |
| 24 | 211/20-21 | എ.ആർ. മുരളീധരൻ | 1686- |
| 25 | 213/20-21 | എ.ആർ. മുരളീധരൻ | 2529- |
| 26 | 202/20-21 | വിൻസന്റ് പി.എൽ | 2529- |
| 27 | 126/20-21 | ഇ.ആർ. രമേഷ് | 843- |
| 28 | 273/20-21 | ഇ.ആർ. രമേഷ് | 1405- |
| 29 | 276/20-21 | ഇ.ആർ. രമേഷ് | 1405- |
| 30 | 278/20-21 | ജോഷി ജോർജ്ജ് | 3372- |
| 31 | 279/20-21 | ജോഷി ജോർജ്ജ് | 1405- |
| 32 | 280/20-21 | ജോഷി ജോർജ്ജ് | 1405- |
| 33 | 201/20-21 | പി.ഒ. ബൈജു | 2529- |
| 34 | 203/20-21 | പി.ഒ. ബൈജു | 1967- |
| 35 | 205/20-21 | പി.ഒ. ബൈജു | 4777- |
| 36 | 206/20-21 | പി.ഒ. ബൈജു | 2529- |
| 37 | 207/20-21 | പി.ഒ. ബൈജു | 1405- |
| 39 | 212/20-21 | പി.ഒ. ബൈജു | 2529- |
| 40 | 214/20-21 | പി.ഒ. ബൈജു | 3372- |
| 41 | 208/20-21 | പി.ഒ. ബൈജു | 3934- |
| 42 | 231/20-21 | പി.ഒ. ബൈജു | 9273- |
| ആകെ | | | 1,38,813- |

കാലി ബാരലിന്റ വിലയിനത്തിൽ ഓഡിറ്റ് കാലയളവിൽ ഈടാക്കിയ ആകെ₹ 1,38,813-ൽഏകദേശം ₹117638- ( 1,38,813 /118 X 100 ) കാലി ബാരലിന്റെ വിലയായും ₹ 21175- ( 1,38,813 /118 X 18 )

ആയതിന്മേലുള്ള GST ആയും ഓഡിറ്റിൽ വിലയിരുത്തുന്നു. കാലി ബാരലിന്റെ വില GST എന്നിവ പ്രത്യേകം/പ്രത്യേകം കണക്കാക്കിആയത് ഓരോ പ്രവൃത്തിക്കും ചെലവു വന്ന ശീർഷകങ്ങളിലേക്ക്/GST വകുപ്പിലേക്ക് അടവാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 2 തി. 6-6-22)

## 1-22 ഭൂജല വകുപ്പിൽ ഡെപ്പോസിറ്റ് വർക്ക് - പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

2020-21 വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന കുടിവെള്ള പദ്ധതികളുടെ ഭാഗമായി കേരള ഭൂജല വകുപ്പിലേക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ആയതിന്റെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് വിശദാംശം | ഫണ്ട് | അടങ്കൽ തുക | ട്രഷറി ബിൽ നം. | ചെലവ് തുക |
|---|---|---|---|---|---|
| 1 | ആനക്കുണ്ട് അയ്യൻകുന്ന് കുടിവെള്ളപദ്ധതി (49/21) | ധനകാര്യ കമ്മീഷൻ അവാർഡ് | 700000 | 40/20-21, 18.3.21 | 500000 |
| 2 | പഞ്ചായത്ത് ഗ്രൗണ്ട് കുടുംബാരോഗ്യകേന്ദ്രം കുടിവെള്ളപദ്ധതി (50/21) | ധനകാര്യ കമ്മീഷൻ അവാർഡ് | 845160 | 37/20-21, 18.3.21 | 715000 |
| 3 | വാർഡ് 9 ശ്രീദുർഗ്ഗ കുടിവെള്ളപദ്ധതി (52/21) | ധനകാര്യ കമ്മീഷൻ അവാർഡ് | 400000 | 38/20-21, 18.3.21 | 400000 |
| 4 | വാർഡ് 6 കൃഷിഭവൻ കുടിവെള്ളപദ്ധതി ടാങ്ക് സ്ഥാപിക്കൽ (44/21) | ധനകാര്യ കമ്മീഷൻ അവാർഡ് | 300000 | 39/20-21, 18.3.21 | 300000 |
| 5 | വാർഡ് 8 അവണാവ് റോഡ് പരിസരം കുടിവെള്ളപദ്ധതി (54/21) | ധനകാര്യ കമ്മീഷൻ അവാർഡ് | 300000 | 35/20-21, 23.3.21 | 300000 |
| 6 | വാർഡ് 7 ഇ.പി.മാരാർ കുടിവെള്ളപദ്ധതി (51/21) | ധനകാര്യ കമ്മീഷൻ അവാർഡ് | 300000 | 20/20-21, 30.10.20 | 274550 |
| 7 | വിവിധ കുടിവെള്ളപദ്ധതികളുടെ ബാക്കി തുക അടവാക്കൽ (56/21) | ധനകാര്യ കമ്മീഷൻ അവാർഡ് | 605018 | 47/20-21, 22.3.21 | 605018 |
| 8 | വാർഡ് 3 കൊള്ളന്നൂർ പടിഞ്ഞാറ് SCകുടിവെള്ളപദ്ധതി (184/21) | വികസന ഫണ്ട് | 890000 | 46/20-21, 22.3.21 | 890000 |
| 9 | വിവിധ വാർഡുകളിൽ കുടിവെള്ളപദ്ധതികളുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (183/21) | ധനകാര്യ കമ്മീഷൻ അവാർഡ് | 1312000 | 10/20-21, 20.5.20 | 1312000 |

പ്രോജക്ടുകളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ഭൂജല വകുപ്പിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.21/13.6.22 )

## 1-23 പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

2020-21 വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് വിശദാംശം | ഫണ്ട് | നിർവ്വഹണ ഏജൻസി | ട്രഷറി ബിൽ നം. | തുക |
|---|---|---|---|---|---|
| 1 | 34/21 കാൻ തൃശ്ശൂർ - വിഹിതം നല്കൽ | പ്ളാൻ ഫണ്ട് | ജില്ലാ പഞ്ചായത്ത് | 23/20-21, 13.11.20 | 200000 |
| 2 | 1/21 IKM പ്രവർത്തന ഫണ്ട് | പ്ളാൻ ഫണ്ട് | IKM | 6/20-21, 8.5.20 | 73958 |
| 3 | 41/21 PAU വിഹിതം നൽകൽ | തനത് ഫണ്ട് | പെർഫോമൻസ് ഓഡിറ്റ് | 22001522 24.3.21 | 30000 |
| 4 | 58/21 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | തനത് ഫണ്ട് | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ മുതുവറ | 22000635 25.9.20 | 32914 |
| 5 | 72/21 ചിറപ്പുള്ളി കൊണ്ടോട്ടിപാലം മോട്ടോർഷെഡിലേക്ക് ത്രീഫേസ് ലൈൻ വലിക്കൽ | തനത് ഫണ്ട് | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ മുതുവറ | 22000190 2.6.20 | 199715 |
| 6 | 185/21 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | ധനകാര്യ കമ്മീഷൻ അവാർഡ് | കെ.എസ്.ഇ.ബി | 8/20-21, 20.5.20 9/20-21, 20.5.20 | 578142 ഇലക്ട്രിക്കൽ സെക്ഷൻ മുതുവറ- 256485 മുതുവറ- 321657 |

പ്രോജക്ടുകളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം നിർവ്വഹണ ഏജൻസികളിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.(ഓഡിറ്റ് എന്ക്വയറി നം.20/13.6.22)

## 1-24 ആസ്തി രജിസ്റ്ററിൽ ചേർത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് - പഞ്ചായത്ത് ഓഫീസിലേക്ക് വാഹനം വാങ്ങൽ (79/21)

അടങ്കൽ - 827712 (തനത് ഫണ്ട്)

ചെലവ് - 8,27,712/- വൗച്ചർ നം.22000722/8.10.20

പഞ്ചായത്ത് വാഹനം KL08AR2717 ബൊലേറോ ജീപ്പ് ലേലം ചെയ്യുന്നതിന് പഞ്ചായത്ത് ഡയറക്ടറുടെ 13.7.20 ലെ PAN/8316/2020-GI(DP) നമ്പർ ഉത്തരവ് പ്രകാരം 100000/- രൂപയിൽ കുറയാത്ത തുകയ്ക്ക് ലേലം ചെയ്യുന്നതിന് അനുമതി ലഭിക്കുകയും 7.8.20 ൽ പൊതുലേലം ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത വാഹനം വിറ്റൊഴിയുന്നപക്ഷം സർക്കാർ ഉത്തരവിന് വിധേയമായി 10 ലക്ഷം രൂപയിൽ അധികരിക്കാത്ത മഹീന്ദ്ര ബൊലേറോ B6 മോഡൽ GEM വഴി വാങ്ങുന്നതിനും തീരുമാനിച്ചു. എന്നാൽ പുതിയ വാഹനം വാങ്ങിയത് ആസ്തി രജിസ്റ്ററിൽ ചേർത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പഴയ വാഹനം ലേലം ചെയ്തു എങ്കിൽ ആയതിന്റെ ഫയൽ ഹാജരാക്കാൻ ആവശ്യപ്പെട്ടെങ്കിലും ഫയൽ ലഭ്യമായിട്ടില്ല. രേഖകൾ ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.19/13.6.22)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 1-21 തെരുവുവിളക്കുകളുടെ സ്ഥിതിവിവരകണക്കുകൾ സംബന്ധിച്ച രേഖകൾ/രജിസ്റ്റർ

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2020-21 വർഷത്തിൽ തെരുവുവിളക്കുകളുടെ പരിപാലനത്തിനായി താഴെ പറയുന്ന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുള്ളതാണ്.

| ക്രമ നം | പ്രോജക്ട് നം. | അടങ്കൽ | ചെലവ് | ഫണ്ട് |
|---|---|---|---|---|
| 1 | തെരുവ് വിളക്ക് പരിപാലനം (38/21) | 595000 | 5,91,948 | തനത് ഫണ്ട് |
| 2 | തെരുവ് വിളക്ക് വാർഷിക പരിപാലനം- സാധനസാമഗ്രികൾ വാങ്ങൽ (39/21) | 595000 | 4,60,411 | തനത് ഫണ്ട് |
| 3 | പൂനിലാവ്-LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (182/21) | 1400000 | 13,35,898 | ധനകാര്യ കമ്മീഷൻ അവാർഡ് |
| 4 | തെരുവ് വിളക്ക് വാർഷിക പരിപാലനം- വാങ്ങൽ (263/21) | 114837 | 1,14,837 | തനത് ഫണ്ട് |

പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

I) താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1) ഓരോ വാർഡിലേയും തെരുവുവിളക്കുകളുടെ സ്ഥിതിവിവരകണക്കുകൾ സംബന്ധിച്ച രേഖകൾ/രജിസ്റ്റർ

2) തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച പരാതി രജിസ്റ്റർ

3) തെരുവുവിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ

4) തെരുവുവിളക്കുകളുടെ മെയിന്റനൻസ് രജിസ്റ്റർ

5) അൺ സർവ്വീസബിൾ ഐറ്റംസിന്റെ സ്റ്റോക്ക് രജിസ്റ്റർ

6) ഓരോ വാർഡിലും ഉള്ള ഹൈമാസ്റ്റ് ലൈറ്റുകളുടെ എണ്ണം

II) പൂനിലാവ്-LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രോജക്ട് ഫയലിൽ 18 വാർഡുകളിലായി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചതിന്റെ Installation Report ൽ 300 എണ്ണം സ്ഥാപിച്ച എന്നാണ് പറയുന്നത്. എന്നാൽ തുക നൽകിയത് 486 എണ്ണം സ്ഥാപിച്ചതിനാണ്. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.

111) സ്ട്രീറ്റ് ലൈറ്റ് റിപ്പയർ ചെയ്ത സ്ഥാപിക്കുന്നതിനായി ഉഷ ഇലക്ട്രോണിക്സുമായി 23.3.20 ൽ കരാർ നം 35/19-20 ആയി കരാർ ഉറപ്പിച്ചിട്ടുള്ളതാണ്. വാർഡ് മെമ്പർമാരുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ 3.11.20 ൽ മുഴുവൻ തുകയും നൽകിയിട്ടുമുണ്ട്. എന്നിരിക്കെ 21.1.22 ലെ പഞ്ചായത്ത് സെക്രട്ടറിയുടെ എ2-4590/20 നംപർ കത്തിൽ മേൽപറഞ്ഞ കരാർ ഉടമ്പടി പ്രകാരം ലൈറ്റുകൾ റിപ്പയർ ചെയ്തതായി കാണുന്നില്ല എന്ന് വാർഡ് മെമ്പർമാരുടെ പരാതിയുടെ അടിസ്ഥാനത്തിൽ ഉഷ ഇലക്ട്രോണിക്സിന് കത്ത് നൽകിയിട്ടുണ്ട്. തുക നൽകിയത് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണെന്ന വ്യക്തമല്ല.തുക കൈമാറുന്നതിന് കൃത്യമായ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിലാണെന്നുറപ്പ് വരുത്തേണ്ടതാണ്

IV) 16.12.2019 ലെ 2/1 പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ, വിവിധ പ്രോജക്ടുകൾ പ്രകാരം വാങ്ങുന്ന സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് അതത് വാർഡുകളിലെ പോസ്റ്റ് നമ്പരുകൾ നിശ്ചയിച്ച് ബന്ധപ്പെട്ട പട്ടിക പഞ്ചായത്തിൽ ലഭ്യമാക്കുന്നതിന് വാർഡ് അംഗങ്ങളെ ചുമതലപ്പെടുത്തിയതായി കാണുന്നു. എന്നാൽ ബന്ധപ്പെട്ട ഫയലിൽ ഇപ്രകാരമുള്ള പട്ടികയില്ല. ആയത് ലഭ്യമാണെങ്കിൽ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

V) പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ടുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.18/13.6.22)

## ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട്

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ജില്ലാ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് |
|---|---|---|---|
| 5/21 | ക്ഷീരസഹകരണ സംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 150000 | 100000 |
| 8/21 | നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി | 2056941 | 0 |
| 18/21 | സ്വാന്തനം-സ്വാന്തനപരിചരണ പരിപാടി | 500000 | 0 |
| 66/21 | അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി | 200000 | 0 |
| 166 | വയോജനങ്ങൾക്ക് കട്ടിൽ (ജനറൽ) | 152250 | 0 |
| 167 | സാന്ത്വനം- സാന്ത്വന പരിചരണ പരിപാടി | 118549 | 0 |
| 168 | കിണർ റീചാർജിങ് (വ്യക്തിഗതം) | 91826 | 0 |
| 196/21 | വാർഡ് 15 - നിർമ്മൽ ജ്യോതി സ്കൂൾ റോഡ് കാന നിർമ്മാണം | 1450000 | 0 |
| 238/21 | വാർഡ് 7 - കുരിയാൽ കാന നിർമ്മാണം | 1000000 | 0 |
| 248/21 | സുഭിക്ഷകേരളം പദ്ധതി - തരിശ്ശ് നെൽകൃഷി | 300000 | 28140 |
| 249 | സുഭിക്ഷകേരളം പദ്ധതി - തരിശ്ശ് വാഴകൃഷി | 25000 | 0 |
| 250/21 | സുഭിക്ഷകേരളം പദ്ധതി - തരിശ്ശ് പച്ചക്കറികൃഷി | 10000 | 0 |
| 260/21 | സുഭിക്ഷകേരളം പദ്ധതി - ഒരു കോടി ഫലവൃക്ഷതൈകൾ വിതരണം | 75000 | 29250 |

2020-21 വർഷത്തിൽ ഗ്രാമപഞ്ചായത്തിന് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകയുടെ ഗ്രാമപഞ്ചായത്ത് നല്കിയ വിവരങ്ങളാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നം | മുൻകൂർ നൽകിയ തുക |
|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് കെ.എസ്.ഇ.ബി. | വാർഡ് 6 - കൃഷിഭവൻ കുടിവെള്ള പദ്ധതി<br>വാർഡ് 5 - ആനക്കുണ്ട് അയ്യൻകുന്ന് കുടിവെള്ള | TRN : 201301000000043939 Dt: 18/03/2021<br>TRN : 201301000000043940 Dt: 18/03/2021<br>TRN : | 300000<br>500000<br>715000<br>274550<br>400000<br>300000<br>113000+ |

| | | | |
|---|---|---|---|
| | പദ്ധതി<br>പഞ്ചായത്ത് ഗ്രൗണ്ട് കുടുംബാരോഗ്യ കേന്ദ്രം കുടിവെള്ള പദ്ധതി<br>വാർഡ് 7 – ഇ.പി.മാരാർ കുടിവെള്ള പദ്ധതി<br>വാർഡ് 9- ശ്രീദുർഗ്ഗ കുടിവെള്ള പദ്ധതി<br>വാർഡ് 8 – അവണാവ് പരിസരം കുടിവെള്ള പദ്ധതി<br>വിവിധ വാർഡുകളിൽ കുടിവെള്ള പദ്ധതി<br>പൈപ്പ് ലൈൻ വലിക്കൽ<br>കൊള്ളന്നൂർ പടിഞ്ഞാറ് എസ്.സി. കുടിവെള്ള പദ്ധതി<br>വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 201301000000043933<br>Dt: 18/03/2021<br>TRN : 201301000000024720<br>Dt: 30/10/2020<br>TRN : 201301000000043936<br>Dt: 18/03/2021<br>TRN : 201301000000042884<br>Dt: 13/03/2021<br>TRN : 201301000000005066<br>Dt: 20/05/2020<br>TRN :201301000000005064<br>20/05/2020<br>TRN : 201301000000001788<br>Dt: 27/04/2020<br>TRN : 201301000000001789<br>Dt: 27/04/2020<br>TRN : 201301000000043943<br>Dt: 20/03/2021<br>TRN : 201301000000004915<br>Dt: 20/05/2020<br>TRN : 201301000000004921<br>Dt: 20/05/2020 | 1199000=<br>1312000<br>246992+<br>530000+<br>113008 =<br>890000<br>256485+<br>321657=578142 |

ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ തൻ വർഷം നടത്തിയ ഡെപ്പോസിറ്റ് വർക്ക് സംബന്ധിച്ച വിവരങ്ങളാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം / തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| Loan | | | 9370000 | 7,46000 | | 8624000 |

| | | | | | | |
|---|---|---|---|---|---|---|
| From HUDCO | | | | | | |

വിവരങ്ങൾ വായ്പ രജിസ്റ്ററിൽ രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.ഇക്കാര്യം ഖണ്ഡിക:1-10-15ൽ പരാമർശിച്ചിട്ടുള്ളതാണ്.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 50,00,000/- | |
| 2 | തൻവർഷം നിക്ഷേപിച്ച തുക | 15000000 | |
| 3 | ആകെ | 2,00,00,000/- | |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | 0 | |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2,00,00,000/- | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം | നിക്ഷേപത്തിന്റെ വിവരം<br>1. FD NO: 103140010181085-10/07/2020<br>2. FD NO: 103140010181086-10/07/2020<br>3. FD NO: 103140010181087-10/07/2020<br>4. FD NO: 103140010181088-10/07/2020<br>5. FD NO: 103140010181089-10/07/2020<br>6. FD NO: 103140010181090-10/07/2020<br>7. FDNO: 103140010177309-24/07/2018<br>8. FDNO:103140010177310 – 10/07/2020<br>Total | തുക<br>25,00,000/-<br>25,00,000/-<br>25,00,000/-<br>25,00,000/-<br>25,00,000/-<br>25,00,000/-<br>25,00,000/-<br>25,00,000/-<br>2,00,00,000/- |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം / തിയതി |
|---|---|---|---|---|
| 2020-21 | 2015-16 Para 2.1.2 Sl.No.7 | 2500 | തഹസിൽദാർ, കുന്നംകുളം (Revenue Recovery Of Sathyajith, Erath (H), Kunnamkulam | 120180400002/ 08/05/2020 |
| | 2015-16 | 2500 | അബ്ദുൾ ഖാദർ, | 120180400005/ |

| | | | | |
|---|---|---|---|---|
| | Para 2.1.2 Sl.No.17 | | കിള്ളിമംഗലം | 29/07/2020 |
| | | 7148 | അസി.എഞ്ചിനീയർ | 120190900100/ 31/03/2021 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 25 | 2003-04 | 3.8.1.1 | കായികശില്പശാല: അംഗീകാരമില്ലാതെ ചെലവ് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി മുമ്പാകെ ന്യൂനത പരിഹാര പത്രിക സമർപ്പിച്ചിട്ടുണ്ട്. |
| 1999-2000 | 4 | 2003-04 | 3.8.1.2 | സർക്കാർ നിരക്ക് അധികരിച്ച് സബ്സിഡി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി മുമ്പാകെ ന്യൂനത പരിഹാര പത്രിക സമർപ്പിച്ചിട്ടുണ്ട്. |
| 1999-2000 | 43 | 2003-04 | 3.8.1.3 | മരാമത്ത് വേലകൾക്ക് അധിക ചെലവ് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി മുമ്പാകെ ന്യൂനത പരിഹാര പത്രിക സമർപ്പിച്ചിട്ടുണ്ട്. |
| 2015-16 | 2.1 | 2016-17 | 2.2 | പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അംഗീകൃത ബിൽഡിംഗ് സൂപ്പർവൈസർമാർ, എഞ്ചിനീയർമാർ, പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് പ്രതിഫലം കൈപ്പറ്റിയിട്ടുള്ള കോൺട്രാക്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് | ജില്ലാ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ മുമ്പാകെ ന്യൂനത പരിഹാര പത്രിക സമർപ്പിച്ചിട്ടുണ്ട്. |
| 2016-17 | 3-17 | 2017-18 | 1.8 എ | നിഷ്ക്രിയ ആസ്തികൾ പ്രയോജനപ്രദമാക്കുന്നതിന്/ കൈയ്യൊഴിക്കുന്നതിന് സത്വര നടപടികൾ ഉണ്ടാകുന്നില്ല | 19.9.2014 ലെ സ,ഉ.(അ)നം.209/2014 എസ് ആന്റ് വൈ എ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് സ്പോർട്സ് കായിക സമുച്ചയം നിർമ്മിക്കുന്നതിന് 28500000 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതും മുൻകൂറായി |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | 13.01.2015 ലെ സ.ഉ.(അ)നം.265/2015 ധന ഉത്തരവ് പ്രകാരം 10 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതുമാണ്. പ്രവൃത്തി നടത്തുന്നതിനുള്ള ഭരണാനുമതി തുകയിൽ ബാക്കി തുക തുടർ വർഷങ്ങളിൽ സർക്കാർ ബജറ്റിൽ വകയിരുത്താത്ത സാഹചര്യത്തിലാണ് പ്രവൃത്തി ആരംഭിക്കുന്നതിനും തുക ചെലവഴിക്കുന്നതിനും കഴിയാതിരുന്നത്. ഗ്രാമപഞ്ചായത്തിന്റെ പരിശ്രമഫലമായി 2016-17 വർഷത്തെ സംസ്ഥാന ബജറ്റിൽ അനുവദിച്ച് ലഭിച്ച 10 ലക്ഷം രൂപക്ക് പുറമെ 19400000 രൂപ കൂടി 26.4.2018 ലെ സ.ഉ.(ആർ.ടി.)നം.69/2018 എസ് ആന്റ് വൈ എ നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ളതും യുവജനകാര്യ മന്ത്രാലയത്തിന് കീഴിലുള്ള കായിക എഞ്ചിനീയറിംഗ് വിഭാഗം പ്രവൃത്തി ആരംഭിച്ചിട്ടുള്ളതുമാണ്. നിർമ്മാണം പൂർത്തീകരിക്കുന്നതോടെ മൾട്ടിപർപ്പസ് സ്റ്റേഡിയം കായിക വികസനത്തിന് ഒരു മുതൽക്കൂട്ടാകുമെന്ന് ഗ്രാമപഞ്ചായത്തിന് ഉറപ്പായതിനാൽ പരാമർശം ഒഴിവാക്കി തരുന്നതിന് നിയമസഭാസമിതിയോട് അപേക്ഷിക്കുന്നതിന് 19.6.19 ലെ 4(1) നമ്പർ തീരുമാനപ്രകാരം ഭരണസമിതി നിശ്ചയിച്ചിട്ടുണ്ട്. |
| | 2016-17 | 3-17 | 2017-18 | 1.8 ബി | നിഷ്ക്രിയ ആസ്തികൾ | പുഴക്കൽ ബ്ലോക്ക് |

| | | | | | |
|---|---|---|---|---|---|
| | | | | പ്രയോജന പ്രദമാക്കുന്നതിന്/ കൈയ്യൊഴിക്കുന്നതിന് സത്വരനടപടികൾ ഉണ്ടാകുന്നില്ല | പഞ്ചായത്ത് നടപ്പാക്കുന്ന മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി ബ്ലോക്ക് തല ശുചിത്വ സമിതിക്ക് പിക്ക് അപ്പ് വാൻ കൈമാറുന്നതിനും പരാമർശം ഒഴിവാക്കി തരുന്നതിന് നിയമസഭാസമിതിയോട് അപേക്ഷിക്കുന്നതിനും 19.6.19 ലെ 4(2) നമ്പർ തീരുമാനപ്രകാരം ഭരണസമിതി നിശ്ചയിച്ചിട്ടുണ്ട്. |
| | | 2017-18 | അനുബന്ധം 5 | നിർവ്വഹണ ഏജൻസിയുമായി നിയമാനുസൃത കരാർ ചമച്ചിട്ടില്ല | സൺലൈറ്റ് കുടിവെള്ളപദ്ധതി പൂർത്തീകരിക്കുകയും ഭൂജലവകുപ്പിൽ നിന്നും ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതുമായതിനാൽ ബന്ധപ്പെട്ട പരാമർശം ഒഴിവാക്കി തരുന്നതിന് നിയമസഭാസമിതിയോട് അപേക്ഷിക്കുന്നതിനും 19.6.19 ലെ 4(3) നമ്പർ തീരുമാനപ്രകാരം ഭരണസമിതി നിശ്ചയിച്ചിട്ടുണ്ട്. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,32,54,448.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,59,15,912.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1979-80, 80-81, 81-82, 82-83, 83-84, 84-85, 85-86, 87-88, 88-89, 89-90, 90-91, 91-92 | എൽ. എഫ്.ടി.എസ്.2-927/11/.28.10.11 /05.01.12 | |
| 1992-93, 1993-94 | എൽ .എഫ്.ടി.9-866/95/16/10/96 | |
| 1994-95, 1995-96 | എൽ . എഫ്.ടി.9-26/98/03.04.98 | |
| 1996-97 | എൽ . .എഫ്.ടി.9/367/98/06.10.98 | |
| 1997-98 | എൽ . എഫ്.ടി.9 -1460/1/ 98/22.07.99 | |
| 1998-99 | എൽ . എഫ്.ടി.21-1229/2000/ 24.10.2000 | |
| 1999-2000 | എൽ.എഫ്.ടി.12-1348/02/23.01.03 | |
| 2000-01, 2001-02 ജനകീയാസൂത്രണം | എൽ.എഫ്.ടി.12-1584/03/11.03.04 | |
| 2001-02 | എൽ.എഫ്.ടി.12-1535/07/22.09.08 | |
| 2002-03 | എൽ.എഫ്.ടി.12-1533/07/22.09.08 | |
| 2003-04 | എൽ.എഫ്.ടി.12-1532//07/ 22.09.08 | |
| 2004-05 | എൽ.എഫ്.ടി-12/09/06.04.1/ 10.05.10 | |
| 2005-06 | എൽ.എഫ്.ടി.12/1379/09/ 20.07.10 | |
| 2006-07 | എൽ.എഫ്.ടി.12-1380/09/ 20.07.10 | |
| 2007-08 | എൽ.എഫ്.ടി.(പി3) 1617/11/ 21.12.11 | |
| 2008-09 | എൽ.എഫ്.ടി.(പി3)-1615/11/ | |

| | | |
|---|---|---|
| | 21.12.11/03.04.12 | |
| 2009-10,<br>2010-11 | എൽ.എഫ്.ടി.പി3-1347/12/<br>22.11.12/08.03.13 | |
| 2011-12 | എൽ.എഫ്.ടി.(പി3)-2077/13/<br>14.03.14/03.06.14 | |
| 2012-13 | എൽ.എഫ്.ടി.(പി3)1231/14/ 01.12.2014 | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ(പി3)699/15<br>/28.09.15/15.10.15 | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(പി3)713/16<br>/26.05.16 | |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ (പി3)<br>1729/15/19.10.16 | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ (പി3)<br>1225/17/10.08.17 | |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ (പി3)<br>1604/18/23.11.18/07.12.18 | |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ (പി3)<br>1058/19/18/09/2019 | |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ (പി6)<br>983/01-07-2022 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്